## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3342** **13-07-2022 - ൽ മറുപടിയ്ക്ക്**

## സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച അറിയിക്കാമോ; | (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ തസ്തിക തിരിച്ചുള്ള നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യേണ്ടവയും സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ടവയും ഏതൊക്കെ എന്ന് അറിയിക്കാമോ; | (ബി) | സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ട തസ്തികകളും ഒഴിവുകളും ചുവടെ ചേർക്കുന്നു.<br><br>അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ) - 1<br><br>ജോയിന്റ് ഡയറക്ടർ - 2<br><br>ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ്) - 1 അസിസ്റ്റന്റ് ഡയറ്കടർ(ഫീൽഡ്)- 1<br><br>ടെക്നിക്കൽ അസിസ്റ്റന്റ് - 7<br><br>ഹെഡ് ഡ്രാഫ്റ്റ്സ്മാൻ - 1<br><br>സ്ഥാനക്കയറ്റം വഴി നിയമനം നൽകുന്ന തസ്തികകൾ ഒഴികെ ബാക്കി എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ), ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ ഫീഡർ കാറ്റഗറികളിൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കാത്തതിനാൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് വിഭാഗം)2022 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. 2022 ലെ സെലക്ട് ലിസ്റ്റ് ബഹു. കോടതി റദ്ദ് ചെയ്തിട്ടുള്ളതിനാൽ അസിസ്റ്റന്റ് ഡയറക്ടർ (ഫീൽഡ് വിഭാഗം)തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഡി.പി.സി കൂടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് , |

| | | | |
|---|---|---|---|
| | | | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ട തസ്തികകളും ഒഴിവുകളും ചുവടെ ചേർക്കുന്നു.<br><br>അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ) - 1<br><br>ജോയിന്റ് ഡയറക്ടർ - 2<br><br>ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ്) - 1 അസിസ്റ്റന്റ് ഡയറ്കടർ(ഫീൽഡ്)- 1<br><br>ടെക്നിക്കൽ അസിസ്റ്റന്റ് - 7<br><br>ഹെഡ് ഡ്രാഫ്റ്റ്സ്മാൻ - 1<br><br>സ്ഥാനക്കയറ്റം വഴി നിയമനം നൽകുന്ന തസ്തികകൾ ഒഴികെ ബാക്കി എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ), ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ ഫീഡർ കാറ്റഗറികളിൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കാത്തതിനാൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് വിഭാഗം)2022 ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. 2022 ലെ സെലക്ട് ലിസ്റ്റ് ബഹു. കോടതി റദ്ദ് ചെയ്തിട്ടുള്ളതിനാൽ അസിസ്റ്റന്റ് ഡയറക്ടർ (ഫീൽഡ് വിഭാഗം)തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഡി.പി.സി കൂടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് , ഹെഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| തസ്തിക | ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| അഡീഷണൽ ഡയറക്ടർ | 1 | |
| ജോയിന്റ് ഡയറക്ടർ | 2 | |
| ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ്) | 1 | |
| അസിസ്റ്റന്റ് ഡയറക്ടർ (ഫീൽഡ്) | 1 | |
| ടെക്നിക്കൽ അസിസ്റ്റന്റ് | 7 | |
| സർവ്വെയർ | 79 | |
| ഡ്രൈവർ ഗ്രേഡ് - II | 2 | |
| ചെയിൻമാൻ | 2 | |
| ബൈൻഡർ ഗ്രേഡ് II | 3 | |
| നൈറ്റ് ഗാർഡ് | 1 | |
| ഡ്രാഫ്റ്റ്സ്മാൻ | | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാലും എന്നാൽ സർവ്വെയർ ഗ്രേഡ്-2 തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാലും സർവ്വെയും ഭൂരേഖയും വകുപ്പിൽ നിലവിലുണ്ടായിരുന്ന 110 റെഗുലർ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 തസ്തികകൾ സർവ്വെയർ ഗ്രേഡ്-2 ആയി കൺവെർട്ട് ചെയ്തും, കൺവേർട്ട് ചെയ്യപ്പെട്ട 110 സർവ്വെയർ ഗ്രേഡ്-2 തസ്തികകൾ നിലവിലുള്ള സർവ്വെയർ ഗ്രേഡ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിലേയ്ക്കായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർവ്വെ ഡയറക്ടർക്ക് അനുമതി നൽകി 31/07/2021 ലെ സ.ഉ.(കൈ)നം. 142/2021/റവ പ്രകാരം ഉത്തരവായിരുന്നു. കൂടാതെ സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികയുടെ യോഗ്യതയും ശമ്പള സ്കെയിലും തുല്യമായതിനാൽ ഡ്രാഫ്റ്റ്സ്മാൻ സർവ്വേയർ തസ്തികകളെ സംയോജിപ്പിച്ചുകൊണ്ട് നിയമനം നടത്തുന്നതിന് സർവ്വെ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. |
| ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 1 | |

T.V.Neethu

സെക്ഷൻ ഓഫീസർ